പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3084 22.02.2016 - ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്കുള്ള ധനസഹായം

ചോദ്യം

ശ്രീ.കെ.അജിത്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ധനസഹായവും സംരക്ഷണവും നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടിക ജാതി / പട്ടികവർഗ്ഗ വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിൽപ്പെട്ട മിശ്ര വിവാഹിതർക്കാണ് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം ധനസഹായം നൽകുന്നത്. |
| (ബി) | സാമൂഹ്യനീതി വകുപ്പുവഴി മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയെന്നും എത്ര രൂപവീതമാണ് ഈയിനത്തിൽ ധനസഹായമായി നൽകുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | വാർഷിക വരുമാനം 50,000/- രൂപയ്ക്ക് താഴെയുള്ള മിശ്രവിവാഹിതർക്ക് ഒറ്റത്തവണ ധനസഹായമായി 30,000/- രൂപ അനുവദിയ്ക്കുന്നു. മിശ്ര വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം, തുടർന്നുള്ള 2 വർഷത്തിനുള്ളിൽ ധനസഹായത്തിനുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഓരോ വിഭാഗത്തിനും അനുവദിക്കുന്ന ധനസഹായം എത്ര വീതമെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് 30,000/- രൂപ ധനസഹായമായി നൽകുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. ദമ്പതികളുടെ ജാതി തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്.

2. ദമ്പതികളുടെ വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്.

3. മിശ്രവിവാഹം തങ്ങളുടെ ആഫീസിൽ രജിസ്റ്റർ ചെയ്തു എന്ന കാണിച്ചു കൊണ്ട് താഴെ പറയുന്നതിൽ എതെങ്കിലും ഒരു വ്യക്തിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് :- (എ) സബ് രജിസ്ട്രാർ, (ബി) പഞ്ചായത്തു പ്രസിഡന്റ്, (സി) ഗവൺമെന്റ് അംഗീകരിച്ച് ഒരു മിശ്ര വിവാഹ സംഘടന, (ഡി) ഒരു ക്ഷേത്രത്തിലെ മാനേജർ അല്ലെങ്കിൽ ശ്രീകാര്യക്കാർ, (ഇ) കരയോഗം സെക്രട്ടറി (എഫ്) എസ്.എൻ.ഡി.പി.ശാഖായോഗം സെക്രട്ടറി (ജി) പള്ളി അധികാരികൾ

4. ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ചു താമസിക്കുന്നു എന്നു കാണിക്കുന്നതും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ, പാർലമെന്റ് മെമ്പറോ, ലെജിസ്ലേറ്റീവ് അസംബ്ലി മെമ്പറോ നൽകിയതുമായ സർട്ടിഫിക്കറ്റ്.

സെക്ഷൻ ഓഫീസർ